# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1316

12.06.2014-ൽ
മറുപടിയ്ക്ക്

## നിർമ്മാണ പ്രവർത്തനങ്ങളിലെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ. പി. കെ. ബഷീർ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ തലത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റിയുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർ സ്ഥിരമായ പരിശോധനയിലൂടെ നിർമ്മാണ പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിയ്ക്കുന്നതിന് ഒരു പരാതി പരിഹാര സെൽ പ്രവർത്തിയ്ക്കുന്നു. ഇത്തരത്തിൽ വരുന്ന പരാതികൾക്ക് പുറമേ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും പരാതി സ്വീകരിയ്ക്കാറുണ്ട്. ഇത്തരത്തിൽ ലഭിയ്ക്കുന്ന പരാതികളെല്ലാം തന്നെ പരിശോധിച്ച് അതിന്മേൽ നടപടികൾ സ്വീകരിയ്ക്കാറുമുണ്ട്. |
| (ബി) ഗുണനിലവാര പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും ലാബുകൾ സ്ഥാപിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) ഗുണനിലവാര പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ ഇപ്പോൾ തന്നെ പ്രവർത്തിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ